Mr. K. Govinda Menon *(Comptroller of Finance and Accounts):* It is not a normal staff.
Mr. P. Kumaran Ezhuthassan *(Vadakkancheri):* Will the Government.
Mr. President: Order, order.....

PERMITS FOR TRANSPORT OF VEGETABLES

47. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊട്ടങ്ങല്ലൂർ, കോട്ടപ്പുറം ചന്തയിൽനിന്നും വാങ്ങി വൈപ്പ്, പള്ളിപ്പുറം പ്രദേശങ്ങളിലേക്ക് പച്ചക്കറി സാധനങ്ങൾ കൊണ്ടുപോകേണ്ടതിനുള്ള പെർമിറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്;

(ബി) പള്ളിപ്പുറം, ചെറായി, അയ്യമ്പിള്ളി, കുഴുപ്പിള്ളി ഈവക പ്രദേശങ്ങളിലേക്ക് കൊണ്ടുപോകേണ്ട സാധനങ്ങൾക്ക് കോട്ടപ്പുറത്തുനിന്നും അതാതു ചന്തക്കനുസരിച്ച് പെർമിറ്റ് ആവശ്യക്കാർക്ക് കൊടുക്കുന്നുണ്ടോ;

(സി) മേൽപറഞ്ഞ സ്ഥലങ്ങളിലെ ചില കച്ചവടക്കാർക്ക് പെർമിറ്റ് കിട്ടുന്നില്ലെന്ന പരാതി പറയുന്നതു ശരിയാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അസിസ്റ്റാണ്ട് സപ്ലൈ ആഫീസർ, കൊട്ടങ്ങല്ലൂർ. ഡയറക്ടർ ഓഫ് ഫുഡ് സപ്ലൈസിനും ഇതിനധികാരമുണ്ട്.

(ബി) ഉവ്വ്.

(സി) അതെ. ചില സന്ദർഭങ്ങളിൽ സ്റ്റോക്കിന്റെ അഭാവംകൊണ്ട് ചിലർക്ക് പെർമിറ്റ് കിട്ടാതെ വന്നിട്ടുണ്ട്.

മിസ്റ്റർ കെ. എ രാഘവൻ: സ്റ്റാക്കിന്റെ അഭാവംകൊണ്ടാണെങ്കിൽ സാമാനങ്ങൾ ചിലർക്ക് കിട്ടുകയും, മറ്റു ചിലർക്ക് കിട്ടാതെ വരുകയും ചെയ്യുന്നതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാക്കില്ലാതായാൽ പെർമിറ്റ് കൊടുക്കുകയില്ല. കുറച്ചു സാധനങ്ങളെ ഉള്ളു എങ്കിൽ എങ്ങിനെയാണ് പെർമിറ്റ് കൊടുക്കുന്നതു?

മിസ്റ്റർ കെ. എ. രാഘവൻ: ഒരു കച്ചവടക്കാരനു സാധനങ്ങൾ കിട്ടുകയും, മറ്റു കച്ചവടക്കാരനു കിട്ടാതെവരികയും ചെയ്താൽ അതു കഷ്ടമല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാക്കു പരിമിതമായിരുന്നാൽ എല്ലാകച്ചവടക്കാർക്കുംപെർമിറ്റുകൊടുക്കാൻ സാധിച്ചു എന്നു വരുകയില്ല. സാധാരണയായി അതു അങ്ങനെ പക്ഷപാതം കൂടാതെ ചെയ്യാറുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കോട്ടപ്പുറം ചന്തയിൽ വരുന്ന സാമാനങ്ങൾ എല്ലാവർക്കും വാങ്ങിക്കരുതേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആർക്കും വാങ്ങിക്കാം. പക്ഷെ, പുറത്തേക്ക് കൊണ്ടുപോകണമെങ്കിൽ പെർമിറ്റ് വേണം. അതുകൊണ്ട് കച്ചവടക്കാർ ആദ്യം പെർമിറ്റാണ് വാങ്ങിക്കുക, പിന്നീടേ സാമാനങ്ങൾ വാങ്ങിക്കാറുള്ളു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കോട്ടപ്പുറം ചന്തയിൽനിന്നു വാങ്ങിക്കുന്ന സാമാനങ്ങൾ ചേന്നമംഗലത്തേക്ക് കടത്തുന്നതിനു പെർമിറ്റ് കൊടുത്തുകൂടാ എന്നു വല്ല നിയമവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊന്നുമില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കോട്ടപ്പുറം ചന്തയിൽനിന്നേ ചേന്നമംഗലം മുതലായ സ്ഥലങ്ങളിലേക്ക് പച്ചക്കറിസാമാനങ്ങൾ കൊണ്ടുപോകാൻ നിവൃത്തിയുള്ളു. ആ നിലക്ക് പെർമിറ്റ് കൊടുക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെർമിറ്റ് കൊടുക്കുന്നില്ല എന്നു ഞാൻ പറഞ്ഞിട്ടില്ല. അതിനു വിരോധമില്ലെന്നാണ് തോന്നുന്നതു.

മിസ്റ്റർ കെ. എ. രാഘവൻ: സ്റ്റാക്കിന്റെ അഭാവംകൊണ്ട് വിതരണം ക്രമീകരിക്കാൻ വിരോധമുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൺട്രോൾ സാധനങ്ങളെ സംബന്ധിച്ചിടത്തോളം സാധനങ്ങൾ പങ്കുവെച്ചു വളരെയധികം കച്ചവടക്കാർക്ക് പെർമിറ്റ് കൊടുക്കാൻ സാദ്ധ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: കോട്ടപ്പുറം ചന്തയിൽനിന്നു സാമാനങ്ങൾ വാങ്ങി തിരുവിതാംകൂറിലേക്കു കടത്തുന്നുണ്ടെന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനേയും ചിലപ്പോൾ സംഭവിക്കാറുണ്ട്".

മിസ്റ്റർ ജോസ്". കെ. വഗ്ഗിസ്സ്": അങ്ങിനെ കടത്തിക്കൊണ്ടുപോകുന്നതിനെ തടയാൻ ആളുകളെ നിയമിച്ചിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്".

മിസ്റ്റർ ജോസ്". കെ. വഗ്ഗിസ്സ": അങ്ങിനെയാണെങ്കിൽ പെർമിറ്റ കൊടുക്കാൻ എന്താണ് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെർമിറ്റ കൊടുക്കാൻ വിരോധമില്ല. പക്ഷെ മതാം പെർമിറ്റ ദുരുപയോഗപ്പെടുത്തിയാൽ പിന്നെ കൊടുക്കാറില്ല.

HILL PALACE ROAD—WIDENING OF

48. **Mr. P. Mani** *(Kanayannur):* Will Government be pleased to state.—
(*a*) what is the present position of the widening of the Hill Palace Road;
(*b*) whether it is going to be tarred or concreted;
(*c*) when do the Government expect to complete the same?

Rao Sahib K. Ayyappan *(Minister for Public Works):*
(*a*) The Hill Palace Road is proposed to be widened to an over-all width of 60 ft. Land Acquisition proceedings in this behalf have been ordered to be instituted.
(*b*) The question whether the road should be tarred or concreted is under the consideration of Government.
(*c*) The work is expected to be taken up soon after the acquisition and completed as early as possible.

മിസ്റ്റർ പി. മാണി: കോൺക്രീറ്റ" റോഡോ, ടാർ ഇട്ട റോഡോ എതാണ്" ഇതിൽ കൂടുതൽ ഗുണകരമായിട്ടുള്ളത്?

റാവുസാഹിബ്" കെ. അയ്യപ്പൻ: കോൺക്രീറ്റ" റോഡാണ്" ഗുണകരമായിട്ടുള്ളത്". ടാർ ഇടുകയാണെങ്കിൽ ൨,൫൦,൦൦൦ ഉറുപ്പിക ചിലവുവരും. കോൺക്രീറ്റിടുകയാണെങ്കിൽ ൪,൫൫,൦൦൦ ഉറുപ്പിക ചിലവുവരും. അങ്ങിനെ നോക്കുമ്പോൾ ൪ ലക്ഷത്തിൽ ചിലപാനം ഉറുപ്പികയുടെ വ്യത്യാസമാണുള്ളത്". പക്ഷെ ടാറിനേക്കാൾ നല്ലത് കോൺക്രീറാണ്", അതിനു സംശയമില്ല.

മിസ്റ്റർ പി. മാണി: ചിലവു കുറച്ചുകൂടിയാലും കോൺക്രീറ്റ റോഡാക്കുകയല്ലേ നല്ലത്".

റാവുസാഹിബ്" കെ. അയ്യപ്പൻ: അതിനെപ്പറ്റി കൺസിഡർ ചെയ്യുന്നുണ്ട്".

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether the Hon'ble Minister will see that this happy thing becomes the right royal road to the seat of His Highness the Maharaja?

Rao Sahib K. Ayyappan *(Minister for Public Works):* It is under the consideration of the Government. But there is the question of expenditure of a very large sum.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether it is not necessary that the road leading to the seat of His Highness the Maharaja becomes the right royal road.

Mr. President: The Hon'ble Member is only making a suggestion which will be taken notice of, when the work is taken up.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Irrespective of the question of expenditure, Sir, that may be incurred upon that will not the Hon'ble Member be pleased to see that it becomes the right royal road that it ought to be?

Rao Sah b K. Ayyappan *(Minister for Public Works):* Right royal road as the Minister thinks.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will the Hon'ble Minister be pleased to state, Sir, whether he has any correct knowledge of the condition of the roads leading to such places—the seat of the Maharajas in Travancore, Mysore and other places?

Rao Sahib K. Ayyappan *(Minister for Public Works):* I have seen the roads in Travancore but not in Mysore.

LIBRARY ARCHIVES Kerala Legislative Assembly